# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

ഗ്രാമവികസന വകുപ്പിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3247

18.02.2013 ൽ
മറുപടിക്ക്

ചോദ്യം

ശ്രീ.കെ.അജിത്

ഉത്തരം

ശ്രീ.കെ.സി.ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോട്ടയം ജില്ലയിലും വൈക്കം നിയോജക മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഏതെല്ലാം റോഡുകൾക്കും പാലങ്ങൾക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോട്ടയംജില്ലയിലും വൈക്കം നിയോജക മണ്ഡലത്തിലും ഗ്രാമവികസന വകുപ്പിൻകീഴിൽ നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണഅടിസ്ഥാനസൗകര്യനിധി (ആർ.ഐ.ഡി.എഫ്) പദ്ധതിപ്രകാരം അരീക്കര മുളനിൽക്കുന്നതിൽഷടി-താഴംഭാഗം പാറച്ചന്ത റോഡിനും, കൊല്ലാട് - നാഗപുറത്തുകടവ് മംഗാനം ഫാം റോഡിനും യഥാക്രമം 30 ലക്ഷം രൂപയും 250 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽ റോഡുകൾക്കും പാലങ്ങൾക്കും തുകകളൊന്നും അനുവദിച്ചു നൽകിയിട്ടില്ല. |
| ബി) ഗ്രാമവികസന വകുപ്പ് മുഖാന്തിരം പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | ബി).ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ൽ അധികം ജനസംഖ്യയുള്ള ആവാസ കേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്. |

പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാനരേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്വർക്കിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കണം (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്) കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.

ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. എന്നിവയാണ് പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പരിഷ്കരണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ.

നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിക്കുകയും ആയതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ) നബാർഡിന്റെ അനുമതിക്കായി നൽകുകയും ആണ് ചെയ്യുന്നത്. നബാർഡിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

| | |
|---|---|
| സി) ഗ്രാമവികസന വകുപ്പു മുഖാന്തിരം പണിയുന്ന റോഡുകൾക്കും പാലങ്ങൾക്കുമുള്ള മുഴുവൻ തുകയും | സി) ഗ്രാമവികസന വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന പി.എം.ജി.എസ്.വൈ പ്രകാരം വിശദമായ പ്രോജക്ട് |

| | |
|---|---|
| കേന്ദ്രഗവൺമെന്റ് അനുവദിയ്ക്കുന്ന ഫണ്ടിൽ നിന്നാണോ ചെല വഴിക്കുന്നതെന്ന് വ്യക്തമാക്കുമോ? | റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മിക്കുന്ന റോഡുകൾക്കും പാലങ്ങൾക്കുമുള്ള മുഴുവൻ തുകയും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. എന്നാൽ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതും, പണി പൂർത്തീകരിച്ചതിനു ശേഷം 5 വർഷത്തെ അറ്റകുറ്റപണികൾക്കുള്ള തുകയും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. കൂടാതെ ടി പ്രവർത്തികൾക്ക് ടെണ്ടർ പ്രീമീയം ഇനത്തിലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനു ശേഷം നിരക്ക് വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ബാധ്യതയും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.<br>ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഗ്രാമ വികസന വകുപ്പു മുഖാന്തിരം ഏറ്റെടുക്കുന്ന റോഡുകൾക്ക് 80% തുകയും പാലങ്ങൾക്ക് 85% തുകയും വായ്പയായി നബാർഡ് അനുവദിക്കുന്നുണ്ട്. ബാക്കി തുക ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽനിന്നോ, എം.പി, എം.എൽ.എ എന്നിവരുടെ പ്രാദേശിക വികസന പദ്ധതി തുകയിൽനിന്നോ ആണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ